## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ. 277 22..06.2012 ൽ മറുപടിയ്ക്ക്

### ശിശുക്ഷേമ സമിതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. എസ്. സലീഖ<br>ശ്രീ. എം. ഹംസ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ. സി. കൃഷ്ണൻ | ഡോ. എം.കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| (എ) | ശിശുക്ഷേമസമിതിയുടെ പ്രവർത്തനങ്ങൾ സ്തംഭനത്തിലാകാനിടയായ സാഹചര്യങ്ങൾ വിശദമാക്കാമോ ; | (എ) | 36 വർഷം പഴക്കമുള്ള കേരള സംസ്ഥാന ശിശുക്ഷേമസമിതി കെട്ടിടത്തിനു മുകളിൽ ഒരു നില കൂടി നിയമ വിരുദ്ധമായി നിർമ്മിച്ച് കൗൺസിലിന് നാശനഷ്ടങ്ങൾ വരുത്തിയതിനാൽ അതിനു കാരണക്കാരായ മുൻ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ പ്രസ്തുത സ്ഥാനത്ത് തുടരാൻ യോഗ്യരല്ല എന്നും ആയതിനാൽ ശ്രീ. പി. കൃഷ്ണൻ, ശ്രീ. റ്റി. നാരായണൻ, ശ്രീമതി. പി. പ്രഭാവതി, ശ്രീ. പി.വി.കെ.കടമ്പേരി, ശ്രീ.പി.ആർ വർഗ്ഗീസ് മാസ്റ്റർ, ശ്രീ.സി. സത്യപാലൻ, ശ്രീമതി. പി.എസ്. ഭാരതി എന്നിവർ സമിതി നിയമാവലി 20(ബി) പ്രകാരം അച്ചടക്കം ലംഘിച്ചിട്ടുള്ളതിനാൽ അവരെ അംഗത്വത്തിൽ നിന്നും അയോഗ്യരാക്കികൊണ്ടും ശ്രീ. ചെമ്പഴന്തി അനിലിനെയും, ശ്രീ. സുനിൽ.സി.കുര്യനേയും എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായി സമിതിയിൽ അവരോധിച്ചുകൊണ്ടും 28.01.2012 ലെ ജി.ഒ.(എം.എസ്)നംപർ 4/2012/SWD പ്രകാരം ഉത്തരവായിരുന്നു. ബഹു. ഹൈക്കോടതി സർക്കാർ ഉത്തരവ് സ്റ്റേ ചെയ്ത സാഹചര്യത്തിൽ ദൈനംദിന ഭരണത്തിന് ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതിനാൽ ശിശുക്ഷേമ സമിതിയുടെ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിൽ ആയിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | നിലവിലുണ്ടായിരുന്ന സ്റ്റാൻഡിംഗ് കമ്മിറ്റിയെ നിയമവിരുദ്ധമായി പിരിച്ചു വിട്ട നടപടി തിരുത്തിയി ട്ടുണ്ടോ; | (ബി) | നിയമവിരുദ്ധമായി പിരിച്ചുവിട്ടിട്ടില്ല. കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ഭരണസമിതി നിലവിൽ വന്നിരുന്നത് 2010 ഫെബ്രുവരി, 18 നാണ്. ടി ഭരണസമിതി സ്റ്റാൻഡിംഗ് കമ്മിറ്റി സർക്കാർ പിരിച്ചുവിട്ടിട്ടില്ല. എന്നാൽ ശിശുക്ഷേമ സമിതിയുടെ നിലവിലുള്ള കെട്ടിടത്തിനു മുകളിൽ ഒരു നില കൂടി അനധികൃതമായി നിർമ്മിച്ചതിനാൽ ടി നിർമ്മാണ കാലഘട്ടത്തിലെ ഭരണസമിതി അംഗങ്ങളെ അച്ചടക്ക രാഹിത്യ ത്താൽ സമിതി ബൈലോ 20 (ബി) പ്രകാരം സമിതി അംഗത്വത്തിൽ നിന്നും അയോഗ്യരാക്കിക്കൊണ്ട് ഉത്തരവു പുറപ്പെടുവിച്ചു അയോഗ്യരാക്കിയ നടപടി തുടരുന്നു. |
| സി | ശിശുക്ഷേമസമിതിയുടെ കാര്യത്തിൽ കേരള ഹൈക്കോടതി സർക്കാരിന് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു ; | സി | ശിശുക്ഷേമസമിതിയുടെ കാര്യത്തിൽ കേരള ഹൈക്കോടതി സർക്കാരിന് നൽകിയ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സാമൂഹ്യക്ഷേമ ഡയറക്ടർ ശിശുക്ഷേമ സമിതിയുടെ ജനറൽ ബോഡി മീറ്റിംഗ് 15.05.2012 തീയതിക്ക് മുൻപ് വിളിച്ചു കൂട്ടണം<br><br>2. മീറ്റിംഗിലെ ഏക അജണ്ട 20.01.2012ലെ ജി.ഒ.(എം.എസ്)നംപർ 4/2012/SWD സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ശിശു ക്ഷേമസമിതിയിലെ മുൻ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളായിരുന്ന ശ്രീ. പി. കൃഷ്ണൻ, ശ്രീ. ടി. നാരായണൻ, ശ്രീമതി. പി. പ്രഭാവതി, ശ്രീ. സി. സത്യപാലൻ, ശ്രീ. പി.ആർ വർഗ്ഗീസ് മാസ്റ്റർ, ശ്രീ. പി.വി.കെ. കടമ്പേരി, ശ്രീമതി.പി.എസ്. ഭാരതി എന്നിവരെ സമിതി അംഗത്വത്തിൽ നിന്നും അയോഗ്യരാക്കിയ സർക്കാർ നടപടി ജനറൽ ബോഡി യോഗം അംഗീകരിക്കുന്നുണ്ടോ ഇല്ലയോ എന്നതായിരിക്കണം<br><br>3. സമിതിയുടെ ദൈനംദിന പ്രവർത്തനം തിരുവനന്തപുരം ജില്ലാ കളക്ടർ ഏറ്റെടുക്കണം |